"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയഭരണ വകുപ്പ് - നഗരകാര്യം - ശ്രീ.ജെ.മുഹമ്മദ് ഷാഫി - ജോയിന്റ് ഡയറക്ടർ - നിരീക്ഷണകാലം പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.യു)വകുപ്പ്**

സ.ഉ.(സാധാ) നം.2534/2024/LSGD തീയതി,തിരുവനന്തപുരം, 24-12-2024

---

പരാമർശം:-
1. സ.ഉ (സാധാ)നം.478/2023/തസ്വഭവ തീയതി 24.02.2023
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 18.12.2023ലെ GE07/C/MCM30/487 നമ്പർ കത്ത്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.04.2024 ലെ LSGD/PD/65279/2023-DEH2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീ.ജെ.മുഹമ്മദ് ഷാഫി -യ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും, ടിയാൻ 06.03.2023 പ്രാബല്യത്തിൽ കോഴിക്കോട് ജില്ല പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ടിയാന്റെ ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് ടിയാൻ സമർപ്പിച്ചിരുന്ന അപേക്ഷയും, അനുബന്ധരേഖകളും തുടർനടപടികൾക്കായി പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. ശ്രീ.ജെ.മുഹമ്മദ് ഷാഫി, 06.03.2023 മുതൽ 05.09.2023 വരെയുള്ള കാലയളവിൽ അവധികളൊന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (2)പ്രകാരം അറിയിച്ചിരുന്നു. ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമായിരുന്നുവെന്നും ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ/അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. ജോയിന്റ് ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തെ സേവന കാലയളവിൽ ആറ് മാസത്തെ ഡ്യൂട്ടിയാണ്. ശ്രീ.മുഹമ്മദ് ഷാഫി 06.03.2023 ൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് 06.03.2023 മുതൽ 05.09.2023 വരെയാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ജെ.മുഹമ്മദ് ഷാഫി -യുടെ ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20(ബി) പ്രകാരം 06.09.2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ജെ.മുഹമ്മദ് ഷാഫി ,ജോയിന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-12-2024 17:07:02
സെക്ഷൻ ഓഫീസർ